## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *209

14.06.2019 ൽ മറുപടിക്ക്

### പുതിയ വ്യവസായ സംരംഭങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ. കെ.എൻ.എ ഖാദർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :** | | **ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള നിയമം നിലവിൽ വന്നശേഷം പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്. നിയമ പരിഷ്കാരത്തിന്റെ അനുകൂല സാഹചര്യത്തെ തുടർന്ന് നിലവിലുള്ളതും പുതിയതുമായ നിരവധി സംരംഭങ്ങൾക്ക് ഉണർവ് വന്നിട്ടുണ്ട്. 2018 ഏപ്രിൽ മുതൽ 2019 ഏപ്രിൽ മാസം വരെ സംസ്ഥാനത്ത് MSME മേഖലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് കൈകാര്യം ചെയ്യുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ പ്രകാരമുള്ള കണക്ക് അനുസരിച്ച് 14710 സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ വ്യവസായങ്ങളിലൂടെ 1399.95 കോടി രൂപയുടെ നിക്ഷേപവും 52096 തൊഴിലും ലഭ്യമായിട്ടുണ്ട്. K-SWIFT വഴി ലഭിച്ച അപേക്ഷകളിൽ 61 അപേക്ഷകർക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള നിയമം നിലവിൽ വന്ന ശേഷം കിൻഫ്രയിൽ 209 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സംരംഭകർ എല്ലാം തന്നെ അവരുടെ സംരംഭങ്ങൾ തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നു. |
| (ബി) | അപ്രകാരം ആരംഭിച്ച വ്യവസായങ്ങളുടെ വിശദാംശം അറിയിക്കുമോ; | | |
| (സി) | സംസ്ഥാനത്തേക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിലേക്കായി 2019 -20 വർഷത്തെ ബഡ്ജറ്റിൽ പുതിയ ഒരു പദ്ധതി പ്രഖ്യാപിക്കുകയും 10 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

**വ്യവസായ പ്രദേശം/പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപം വിലയുടെ പലിശ ധനസഹായം**

സർക്കാർ വ്യാവസായിക എസ്റ്റേറ്റുകളിലും/ പാർക്കുകളിലും പുതിയ സംരംഭകരെ ആകർഷിച്ച് കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിച്ചു കൊണ്ട് നിക്ഷേപ സൗഹൃദമാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് / സിഡ്‌കോ / കെ.എസ്.ഐ.ഡി.സി /കിൻഫ്ര ഉടമസ്ഥതയിലുള്ള വ്യാവസായിക എസ്റ്റേറ്റുകളിൽ/പാർക്കുകളിൽ നിക്ഷേപഭാഗമായ ഭൂമിയുടെ വിലയുടെ ഒരു വിഹിതം, അതായത് ഭൂമിയുടെ നിക്ഷേപ ചെലവിന്റെ പലിശ ഭാരം നിശ്ചിത കാലയളവിൽ ഏറ്റെടുത്തു കൊണ്ട് അതിന്റെ പലിശ വിഹിതം വ്യവസായ ഏജൻസികൾക്ക് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സർക്കാർ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി പുതിയ സംരംഭം ആരംഭിക്കുന്നതിനായി മുന്നോട്ട് വരുന്ന നിക്ഷേപകന് ഭൂമി നിക്ഷേപ ചെലവിന്റെ ഒരു ഭാഗത്തിന്റെ പലിശ ഭാരം നിശ്ചിത കാലയളവിലേക്ക് മേൽപ്പറഞ്ഞ ഏജൻസികൾക്ക് നൽകി അവരിൽ നിന്നും വ്യാവസായിക ഭൂമി ലഭ്യമാക്കാം. ഭൂമിയുടെ കൈവശാവകാശം ഏജൻസിയിൽ നിക്ഷിപ്തമായിരിക്കും. ഭൂമി വിലയുടെ അവശേഷിക്കുന്ന വിഹിതം അടയ്ക്കുന്നതിന് ഗവൺമെൻറ് നിശ്ചയിക്കുന്ന അഞ്ചു വർഷക്കാലയളവിലേക്ക് പലിശ ഏജൻസികൾക്ക് തിരികെ കൊടുക്കും.നിശ്ചയിച്ച കാലയളവിനു ശേഷം നിക്ഷേപകൻ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കണം. എപ്പോഴാണോ ഭൂമി വില മുഴുവനായും അടച്ചു തീരുന്നത് അപ്പോൾ ഭൂമിയുടെ കൈവശാവകാശം നിക്ഷേപകന് മാറ്റി നൽകും. ഏജൻസികളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പിന് ഏജൻസികൾക്ക് തുക വിതരണം ചെയ്യാവുന്നതാണ്.

സംസ്ഥാനത്ത് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിന് കിൻഫ്ര ആവിഷ്കരിച്ച നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ് :

1. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ
2. മെഗാ ഫുഡ് പാർക്ക്, പാലക്കാട്
3. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ,

| | | | |
|---|---|---|---|
| | | | കാക്കനാട്, എറണാകുളം<br>5. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം<br>6. സ്പൈസസ് പാർക്ക്, ഇടുക്കി<br>**ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം**<br>അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങൾ കിൻഫ്ര സ്ഥാപിച്ചു വരുന്നു. ഇതു പ്രകാരം ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി താഴെ പറയുന്ന പുതിയ പദ്ധതികൾ കിൻഫ്ര നടപ്പിലാക്കി വരുന്നു :<br>1. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, മലപ്പുറം (രണ്ടാം ഘട്ട വികസനം)<br>2. രണ്ടാം ഘട്ട് വികസനം, കിൻഫ്ര ഫിലിംആൻറ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം<br>3. കൊരട്ടി പാർക്കിൻെറ രണ്ടാം ഘട്ട വികസനം<br>4. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, രാമനാട്ടുകര, കോഴിക്കോട്.<br>സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തി കൂടുതൽ സംരംഭകരെ ആകർഷിക്കാൻ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിന്റെ കീഴിൽ കേരളത്തിലെ വിവിധ മേഖലകളിലുള്ള സംരംഭകരുടെ അഭ്യർത്ഥനകൾ പരിഗണിച്ച് വിവിധ പദ്ധതികൾ കെ.എസ്.ഐ.ഡി.സി മുഖേന നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ഇതുകൂടാതെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ മുതൽമുടക്കാനുള്ള പദ്ധതികൾ കണ്ടെത്തി സംരംഭകരെ കൊണ്ടുവരാനും കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനുള്ള അനുകൂലഘടകങ്ങളേയും പദ്ധതികളേയും കുറിച്ച് ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ റോഡ് ഷോകളും ബിസിനസ്സ് മീറ്റുകളും ഉൾപ്പെടെ ആവശ്യമായ പ്രചരണ പരിപാടികൾ നടത്തുവാനും ഉദ്ദേശിക്കുന്നു. വ്യവസായ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുവാനും അതുവഴി വ്യവസായ വളർച്ചയ്ക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി ഈ വർഷം ആയിരം ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**